ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിൻ

# സ്പാർക്

ജി എച്ച് എസ് എസ് പാക്കം

# ഉള്ളടക്കം


ആമുഖം..........2
ആശംസകളോടെ..........4
എന്റെ വിദ്യാലയം..........6
പ്രാദേശിക ചരിത്രം..........9
പത്രാധിപ സമിതി..........13
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്..........14
തനത് പ്രവർത്തനങ്ങൾ..........15
രചനകളിലൂടെ..........17
സൈബർ കുറ്റകൃത്യം..........17
പ്രാദേശികഭാഷ കംപ്യൂട്ടിംഗ് പുതിയ ഉയരങ്ങളിലേക്ക്..........19
ഒരു പുസ്തകത്തിന്റെ തേങ്ങൽ..........22
കേരളത്തിന്റെ പ്രകൃതി രമണീയത..........27
കേരള സമൂഹവും ധൂർത്തും..........28
ചെരുപ്പുകുത്തിയും കുട്ടിയും..........29
ആർഭാടം..........31
THE BLIND MEN..........32
Way of flowing river..........33
flowing of river or river must have at long..........34
THE RAINY NIGHT..........35
Little star..........39
ചിത്ര ജാലകം..........40

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക, കുട്ടികളെ ഐടി മേഖലയിൽ കൂടുതൽ പ്രാവീണ്യമുള്ളവരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കേരളത്തിലെ മുഴുവൻ സ്കൂളുകളിലും ലിറ്റിൽ കൈറ്റ്സ് പദ്ധതിക്ക് തുടക്കം കുറിച്ചു. പദ്ധതിയുടെ ഭാഗമാവാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള പരിശീലന മേഖലകളിൽ പ്രധാനപ്പെട്ട ഒന്നാണ് മലയാളം കമ്പ്യൂട്ടിംഗ്. ഈ അവസരത്തിൽ ആദ്യ ചുവടുവെപ്പ് എന്ന നിലയിൽ ഞങ്ങളുടെ ഒരു എളിയ ശ്രമമാണ് ഡിജിറ്റൽ മാഗസിൻ. തെറ്റുകുറ്റങ്ങൾ ഉണ്ടെങ്കിൽ പൊറുക്കും എന്ന പ്രതീക്ഷയോടെ...........

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ജി.എച്.എസ്.എസ് പാക്കം

## ആശംസകളോടെ...

### ഹെഡ്മാസ്റ്റർ



**ശ്രീ.വിനോദ് പുതിയവീട്ടിൽ**

**മാനവികതയിലും ആധുനികതയിലും ഊന്നി കൊണ്ടുള്ള ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വളർച്ച കൂടുതൽ ഉയരങ്ങളിലേക്കുള്ള കാൽവെപ്പുകൾ ആവട്ടെ.**

## ആശംസകളോടെ.......

### സീനിയർ അസിസ്റ്റന്റ്



### ശ്രീ. പി.കുഞ്ഞിരാമൻ നായർ

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമാണ് ലഭിക്കുന്നത്. ഈ അറിവുകൾ പ്രാവർത്തികമാക്കികൊണ്ട് ജി.എച്ച്.എസ്.എസ്. പാക്കത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ.......

## സ്റ്റാഫ് സെക്രട്ടറി



### ശ്രീ. ബാബുരാജ്.എ

പാക്കം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളിൽ അന്തർലീനമായ സർഗ്ഗവാസനകൾ കഴിവിന്റെ പരമാവധി പ്രകടിപ്പിക്കുവാൻ അവസരമായി വരികയാണ്. ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി ഒരുക്കിയെടുക്കുന്ന ഈ സദുദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

# എന്റെ വിദ്യാലയം



കാഞ്ഞങ്ങാട് - കാസർഗോഡ് റോഡ്(N.H 17)പെരിയ ജംഗ്ഷനിൽനിന്ന് പെരിയ - പള്ളിക്കരറോഡിൽ 5 KM അകലത്തിലും ബേക്കൽഫോർട്ട് റയിൽവേസ്റ്റേഷനിൽനിന്നും പള്ളിക്കര പെരിയ റോഡിൽ 3KM അകലത്തിലും ഈ വിദ്യാലയം സ്ഥിതിചെയ്യുന്നു.

## ചരിത്രം

കേരള സംസ്ഥാനം നിലവിൽവരുന്നതിന് കൃത്യം ഒരു വർഷം മുമ്പാണ് നാട്ടുകാരുടെ ശ്രമഫലമായി കൂക്കൾ രാഘവൻനായരുടെ നേതൃത്വത്തിൽ പാക്കത്ത് ഒരു വിദ്യാലയം സ്ഥാപിതമാകുന്നത്. കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്ക്,പള്ളിക്കരപഞ്ചായത്തിലെ പനയാൽ വില്ലേജിൽപ്പെട്ട ഈ വിദ്യാലയം പള്ളിക്കര - പെരിയ റോഡിനോരം ചേർന്ന് കണ്ണംവയൽ എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. പെരിയാറോഡ് ജംഗ്ഷനിൽനിന്ന് ഏകദേശം രണ്ടരകിലോമീറ്റർ കിഴക്ക് മാറിയാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്. 1955 ൽ ഒരോലഷെഡ്ഡിലാണ് ഈ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്. ആദ്യ വെക്കേഷൻകാലത്ത് കാറ്റിൽ തകർന്നുപോയ സ്ക്കൂൾ പാക്കം കണ്ണംവയൽ അമ്പലത്തിന്റെ കലവറയിലേക്കു മാറി.

തൊട്ടടുത്ത് ഓലയും പുല്ലുംകൊണ്ട് ഒന്നും രണ്ടും ക്ലാസ് മുറികൾ നിർമ്മിച്ചു. 1960 ൽ കൂക്കൾ കുഞ്ഞമ്പുനായരുടെ വാടകകെട്ടിടത്തിൽ up ക്ലാസുകൾ ആരംഭിച്ചു. അപ്പോഴും എല്ലാക്ലാസുകളും നടത്താൻ ആ കെട്ടിടം മതിയായില്ല. 1963 ൽ ശ്രീ.കെ ചന്ദ്രശേഖരൻ കേരളത്തിന്റെ നിയമകാര്യമന്ത്രിയായ അവസരത്തിലാണ് പാക്കം ഗവൺമെന്റ് ഹൈസ്ക്കൂളിലെ പ്രധാന കെട്ടിടം - പാക്കം ഗവൺമെന്റ് യു.പി സ്ക്കൂളിന് വേണ്ടി - ഉദ്ഘാടനം ചെയ്യപ്പെട്ടത്. അന്നുമുതൽ ഈ പ്രദേശത്തിന്റെ അക്ഷരവെളിച്ചമായി തീർന്ന ഈ വിദ്യാലയം 1990 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. പള്ളിക്കര പഞ്ചായത്തിലുള്ള ഹൈസ്ക്കൂളുകളിൽവച്ച് ഉയർന്ന പഠന നിലവാരവും മികച്ച വിജയശതമാനവും തുടർച്ചയായി നേടുവാൻ ഈ വിദ്യാലയത്തിനു കഴിയുന്നുണ്ട്.

## പ്രാദേശിക ചരിത്രം

### "പാക്കം" - പേരിനു പിന്നിലുള്ള ഐതിഹ്യങ്ങൾ

പാക്കം ഒരു കാലത്ത് തമിഴ് വംശജരുടെ അധീനതയിലായിരുന്നു. കേരളത്തിലേക്ക് ബാങ്കിങ് സമ്പ്രദായം കൊണ്ടു വന്ന , ഇന്ന് തനിമലയാളികളായി ജീവിക്കുന്ന "ചെട്ടി"വിഭാഗത്തില് വരുന്ന ജനവിഭാഗം ഇതിന് ഉത്തമ ഉദാഹരണമാണ്. തമിഴില് 'സമീപം'എന്ന വാക്കിനെ പാക്കം എന്ന് സൂചിപ്പിക്കയാൽ കടലിന്റെ പക്കത്ത് സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തെ പാക്കം എന്ന് പേരിട്ട് വിളിച്ചു. പാക്കനാർ ഇവിടം സന്ദർശിച്ചതിനാൽ പാക്കം എന്ന് പേര് വന്നതായും പറയപ്പെടുന്നു.

### ഭരണം

നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന ഇല്ലത്തിന്റെയും അതിനോടനുബന്ധിച്ച അമ്പലത്തിന്റെയും അവശിഷ്ടങ്ങൾ ഏതാനും ദശകങ്ങൾക്കുമുമ്പ് ഇന്നത്തെ പാക്കം

മഹാവിഷ്ണു ക്ഷേത്രത്തിനടുത്തെ മൂടികിടന്ന കിണർ കണ്ടെത്താനിടയായി. അതിൽ ലോഹം കൊണ്ടുള്ള വിഗ്രഹവും വിളക്കും മറ്റും ഉൾപ്പെടുന്നു. അമ്പലക്കുളം കാലക്രമേണ രൂപമാറ്റം സംഭവിച്ചെങ്കിലും ഇന്നും നിലനിൽക്കുന്നുവെന്നുള്ളത് മറ്റൊരു തെളിവാണ്. പാക്കം ഫ്യൂഡലിസത്തിന്റെ ചുവട്ടിലായിരുന്നുവെന്ന് സാരം .തെല്ലുദൂരം നിലകൊള്ളുന്ന ഇക്കേരി നായ്ക്കന്മാരുടെ ബേക്കൽ കോട്ടയും യുദ്ധങ്ങളും മറ്റും സുപ്രസിദ്ധമാണ്. സുൽത്താനുമായുള്ള ഒരു യുദ്ധത്തിലിടയിൽ പാക്കത്തിന്റെ ഒരേട് അവസാനിച്ചതായി വിശ്വസിക്കപ്പെടുന്നു. ആ

സമയത്ത് പൂജാരിമാർ കിണറ്റിലേക്ക് നിക്ഷേപിച്ച അമൂല്യവസ്തുക്കളാണ് പാക്കത്തിന്റെ ഗതകാല ചരിത്രത്തെക്കുറിച്ച് നമുക്ക് അറിവേകുന്നത്.ഇതിനുശേഷം കർണാടകത്തിൽ നിന്നും കുടിയേറിവന്ന റായർമാരുടെ

കൈയ്യിലായിരുന്നു പാക്കം. അവരുടെ തലമുറയിൽ പെട്ട റായർ കുടുംബം ഇവിടെ നിലകൊള്ളുന്നത് ഇതിന് ചോദ്യം ചെയ്യാനാവാത്ത ഒരു തെളിവുതന്നെയാണ് .1940-കൾക്ക്ശേഷം സ്വാതന്ത്ര ലബ്ദിയും പുതിയ നിയമങ്ങളും ഗവണ്മെന്റ് ഭരണത്തിന് വഴിമാറി കൊടുത്തു.

## അനുഷ്ഠാന കലകൾ

പാക്കം അമ്പലത്തിങ്കാൽ ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ ദേവപ്രതിഷ്ഠ ചാക്കിട്ടടുക്കം എന്ന ഭാഗത്തുനിന്നും പുനപ്രതിഷ്ഠ നടത്തിയതാണ്. എല്ലാവർഷവും ഇവിടെ

തെയ്യം കൊണ്ടാടാറുണ്ട്. ഐശ്വര്യത്തിന്റെയും ഒരുമിക്കലിന്റെയും ഒരു മഹാസാംസ്കാരിക സമ്മേളനമാണ്

ഈ തെയ്യം. ഇത് ഒറ്റക്കോലം (ഏപ്രിൽ) വല്യക്കോലം (ജനുവരി) ഇങ്ങനെ രണ്ടുതരത്തിൽ നടത്തിവരുന്നു. മറ്റൊരു പ്രധാന അനുഷ്ഠാനകലയാണ് കോൽക്കളി . കോൽക്കളിപ്പാട്ടുകളിൽ പാക്കത്തിന്റെ ഇന്നലെകളെയും അന്നത്തെ സംസ്കാരത്തെയും വർണിച്ചിട്ടുണ്ട്.

# പത്രാധിപ സമിതി

**ചീഫ് എഡിറ്റർ:-**

വിവേക്.സി (9C)

**എഡിറ്റർ:-**

അക്ഷയ്.കെ (9C)

**അംഗങ്ങൾ:-**

ധനുഷ് മോഹൻ (9B)

ശിഖ.കെ (9A)

ലയ മോൾ.പി (9A)

നീതു.കെ (9A)

ചന്ദന റെജി (9B)

അഭിരാം.വി (9B)

അനഘ അരവിന്ദ് (9B)

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



| | |
|---|---|
| ANAGHA ARAVIND E | CHANDANA REGI |
| LEYA MOLE P | FATHIMATH NASRIN K |
| FATHIMATH RAMEEMA P | NEETHU K |
| SHIGHA K | SREESHA S |
| VISMAYA T | ABHIRAM V |
| AKSHAY K | ARUN KUMAR A |
| ADITHYAN M | AMAL MURALI T |
| NANDAKUMAR CB | DHANUSH MOHAN |
| NANDHU PV | SHYAMRAJ AR |
| SREEHARI K | VIVEK C |

# തനത് പ്രവർത്തനങ്ങൾ

## സ്കൂൾ പച്ചക്കറിത്തോട്ടം




സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിക്ക് വിഷ രഹിത പച്ചക്കറി ലഭ്യമാക്കുക, നമ്മുടെ കാർഷിക സംസ്കാരത്തെ ക്കുറിച്ച്കുട്ടികളെബോധവാന്മാരാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ടാണ് സ്കൂൾ ഇത്തവണ പച്ചക്കറികൃഷി തുടങ്ങിയത്



. സ്കൂളിനോട് ചേർന്നുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് 25 സെന്റിൽ ആഗസ്റ്റ് ആദ്യവാരം പച്ചക്കറികൃഷിക്ക് പള്ളിക്കര പഞ്ചായത്ത് പ്രസിഡണ്ട് ഇന്ദിര പി , കൃഷി ഓഫീസർ വേണു എന്നിവർ



സംയുക്തമായി ഉദ്ഘാടനം ചെയ്തു വെണ്ട, പയർ, ചീര, പച്ചമുളക്, വഴുതിനി എന്നീ വിളകൾ കൃഷി ചെയ്തു.പൂർണ്ണമായും ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിച്ചത്. വെണ്ട, പയർ എന്നിവയ്ക്ക് നല്ല വിളവ് ലഭിക്കുകയുണ്ടായി. വെണ്ട കൃഷി നാട്ടുകാരുടെ പ്രശംസയ്ക്ക് കാരണമായി





## രചനകളിലൂടെ............

ലേഖനം

# സൈബർ കുറ്റകൃത്യം

കമ്പ്യൂട്ടർ അല്ലെങ്കിൽ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധപ്പെട്ട കുറ്റ കൃത്യമാണ് സൈബർ ക്രൈം അഥവാ സൈബർ കുറ്റകൃത്യം . പരമ്പരാഗത സ്വഭാവത്തിലുള്ള കുറ്റകൃത്യങ്ങളായ മോഷണം, വ്യാജരേഖ ചമയ്ക്കൽ, വഞ്ചന, അപകീർത്തിപ്പെടുത്തൽ തുടങ്ങിയവ കമ്പ്യൂട്ടറുമായോ, കമ്പ്യൂട്ടർ ശൃംഖലയുമായോ ബന്ധപ്പെടുത്തി നടക്കുമ്പോഴാണ് അവയെ ഇപ്രകാരം വിളിക്കുന്നത്. മൊബൈൽ, ക്യാമറ, തുടങ്ങിയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുമായി ബന്ധപ്പെട്ട കുറ്റ കൃത്യങ്ങളും ഇതിന്റെ പരിധിയിൽപെടുത്താറുണ്ട്. ഇത്തരം സംവിധാനങ്ങളിലൂടെ വ്യക്തിയുടെ സ്വകാര്യ അവകാശങ്ങളെ ഹനിക്കുന്ന കുറ്റ കൃത്യങ്ങളെ സൈബർട്രോട്സ് (cyber trots)എന്ന പേരിൽ

അറിയപ്പെടുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിന് പകരം ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ വകുപ്പുകൾ പ്രകാരമാണ് ഈ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിയമനടപടികൾ സ്വീകരിക്കുന്നത്. പ്രധാനമായും രണ്ടുവിധത്തിൽ സൈബർകുറ്റകൃത്യങ്ങളെ തരംതിരിക്കാം. കമ്പ്യൂട്ടർ ഒരു ലക്ഷ്യമായി കണ്ടുകൊണ്ടുള്ളതും കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ളതും.

ഒരു കമ്പ്യൂട്ടറിലേക്കോ കമ്പ്യൂട്ടർ ശൃംഖലയിലേക്കോ വൈറസിനെ കടത്തിവിടുക, ഹാക്കിങ്ങ് നടത്തുക മുതലായവയെ ആണ് കമ്പ്യൂട്ടറിനെ ലക്ഷ്യമിട്ടുള്ള കുറ്റകൃത്യങ്ങൾ. ക്രെഡിറ്റ്കാർഡ് തട്ടിപ്പുകൾ, അശ്ലീലചിത്രങ്ങളുടെയും വീഡിയോകളുടെയും പ്രചരണം, സൈബർ തീവ്രവാദം, ഫിഷിംഗ് തുടങ്ങിയവയൊക്കെ കമ്പ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്ന കുറ്റകൃത്യങ്ങളിൽ പെടുന്നു. ഇന്ത്യൻ സൈബർ ആക്റ്റ് നിലവിൽ വന്നത് *2000* ൽ ആണ്. *2008* ൽ ഇൻഡ്യൻ സൈബർ ആക്ട് ഭേദഗതി ചെയ്യപ്പെട്ടു .

ലേഖനം

## പ്രാദേശികഭാഷ കംപ്യൂട്ടിംഗ് പുതിയ ഉയരങ്ങളിലേക്ക്

മലയാളം മരിച്ചുകൊണ്ടിരിക്കുകയാണെന്ന് ഒരു കൂട്ടം ആളുകൾ പറയുന്നു. എന്നാൽ ഇക്കാര്യം അസ്ഥാനത്തതാവുമെന്നാണ് പുതിയ വിവരം. പല വമ്പൻ കംപ്യൂട്ടർ കമ്പനികളും അവരുടെ ഉല്പന്നങ്ങൾ അതത് ലോക്കൽ ഭാഷയിലേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇനി ഏറ്റവും അധികം വളർച്ചയുള്ള ഭാഷ ഹിന്ദിയും ചൈനീസും ആയിരിക്കുമെന്നാണ് നിരീക്ഷണം. അതുപോലെ തന്നെ മലയാളത്തിനും അതിന്റേതായ സാധ്യതയുണ്ട്.

മൈക്രോസോഫ്റ്റ് പോലുള്ള പല സ്ഥാപനങ്ങളും അവരുടെ ഉല്പന്നങ്ങൾ മലയാളത്തിലേക്കടക്കം വിവിധ ഇന്ത്യൻ പ്രാദേശിക ഭാഷകളിലേക്ക് മാറ്റിക്കഴിഞ്ഞു. ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ മലയാളത്തിലേക്കുള്ള മൊഴിമാറ്റവും നടന്നു

കൊണ്ടിരിക്കുകയാണ്. ഇതിൽ മിക്കതിന്റെയും ജോലി കൂടുതലും നടക്കുന്നത് ചെന്നൈ കേന്ദ്രമാക്കിയാണ്. അവിടെ മൈക്രോസോഫ്റ്റിനെ കൂടാതെ മറ്റു പല കമ്പനികളും തങ്ങളുടെ ഉല്പന്നങ്ങൾ പ്രാദേശിക ഭാഷയിലേക്ക് മാറ്റി കൂടുതൽ ഉപഭോക്താക്കളെ സൃഷ്ടിക്കാനുള്ള ഒരുക്കത്തിലാണ്. ഇവരിൽ ഗൂഗിൾ, യാഹൂ, നോക്കിയ, അമേരിക്കൻ ഓൺലൈൻ, ടാറ്റാ എ.ഐ.ജി. ഇൻഷ്വറൻസ്, മോട്ടറോള തുടങ്ങിയ പ്രമുഖരൊക്കെയുണ്ട്. ഇന്ന് പല വെബ്സൈറ്റുകളും അതിന്റെ മലയാളം പതിപ്പും ഇംഗ്ലീഷിനോടൊപ്പം ഇന്റർനെറ്റിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രാദേശികഭാഷ പതിപ്പിലേക്കുള്ള മൊഴിമാറ്റത്തിനു വേണ്ടി മാത്രം ചെന്നൈയിൽ ചെറുകിട, വൻകിട കമ്പനികളടക്കം നൂറോളമുണ്ട്. ഇവയിൽ പലതിനും മലയാളത്തിൽ ശക്തമായ ഭാഷസ്വാധീനമുള്ളവരെ കിട്ടാനുള്ള ബുദ്ധിമുട്ടുണ്ട്. ഒരു വാക്കിന് 75 പൈസ മുതൽ രണ്ട് രൂപ വരെയാണ് മൊഴിമാറ്റത്തിന്

**ലോക്കൽ കമ്പനികൾ നൽകുന്ന തുക. ഒരുദിവസം ശരാശരി *500* മുതൽ *3000* വാക്കുകൾ വരെ ഇങ്ങനെ മൊഴിമാറ്റിക്കൊടുക്കുന്ന വരുണ്ട്. ഐ.ടി. കമ്പനിയിൽ അല്ല ജോലി ചെയ്യുന്നതെങ്കിലും ഓഫീസ് സമയത്ത് ഇതുപോലുള്ള പരിപാടികളിലൂടെ ആയിരങ്ങൾ സമ്പാദിക്കുന്നവർ ഇവിടങ്ങളിൽ ഉണ്ടെന്നാണ് അനുഭവസ്ഥർ സൂചിപ്പിക്കുന്നത്.**



വിവരണം

## ഒരു പുസ്തകത്തിന്റെ തേങ്ങൽ


പുസ്തകം ഒരു അറിവിന്റെ പെട്ടിയാണ്. കുറച്ചുകാലം മുമ്പുവരെ തന്നെ എല്ലാവരും എടുക്കുകയും വായിക്കുകയും ചെയ്തിരുന്നു. പൊടിപിടിച്ച ഒരു പഴയ ഷെൽഫിൽ ഇരുന്നുകൊണ്ട് പുസ്തകം തന്റെ ആ പഴയ കാലം ഓർത്തു. മുഴുവൻ പൊടിപിടിച്ചു പോയിട്ടുണ്ട് കുറച്ചുഭാഗം ചിതലരിച്ചു പോയിട്ടുണ്ട്. ആരും തിരിഞ്ഞുനോക്കുന്നില്ല. പുസ്തകം തന്റെ നല്ലകാലം ഓർത്തു. ഒരു പുസ്തകം വിൽക്കുന്ന കടയിൽ ഞാൻ ഇരിക്കുകയായിരുന്നു. പെട്ടെന്ന് ഒരാൾ വന്നു തന്നെ ചൂണ്ടി കാണിച്ചു കൊണ്ട് പറഞ്ഞു ആ തടിച്ച പുസ്തകം തരൂ. എനിക്ക് സന്തോഷമായി. ഞാൻ പുതിയ സ്ഥലത്തേക്ക് എത്തിപ്പെടുക ആണല്ലോ. പെട്ടെന്ന് പുസ്തകത്തെ ആരോ വിളിക്കുന്നത് പോലെ തോന്നി. അവൻ ചിന്തയിൽനിന്നും ഉണർന്നു. ചുറ്റും ഒന്ന് കണ്ണോടിച്ചു. ആരെയും കാണുന്നില്ല. വീണ്ടും ആരോ വിളിക്കുന്നു. ഷെൽഫ്

ആയിരുന്നുവിളിച്ചത്. എന്താ ഒരു ആലോചന ഷെൽഫ് ചോദിച്ചു. ഞാനെന്റെ പഴയകാലം ഓർക്കുകയായിരുന്നു. എന്തു രസമായിരുന്നു. ഇപ്പോൾ എന്നെ ആരും നോക്കുന്നു പോലുമില്ല പുസ്തകം സങ്കടത്തോടെ പറഞ്ഞു. പെട്ടെന്ന് അവൻ കരയാൻ തുടങ്ങി. കരയല്ലേ എല്ലാ സങ്കടവും ഒരുനാൾ തീരും. ഷെൽഫ് പുസ്തകത്തെ ആശ്വസിപ്പിച്ചു. നീ നിന്റെ കഥ എന്നോട് പറയൂ നിന്റെ സങ്കടത്തിന് ചെറിയ ആശ്വാസമാകും ഷെൽഫ് പറഞ്ഞു. ശരി ഞാൻ പറയാം പുസ്തകം തന്റെകഥ പറയാൻ തുടങ്ങി ഞാൻ ആദ്യം ഉണ്ടായത് ഒരു കടയിൽ ആയിരുന്നു ഒരു ദിവസം ഒരാൾ വന്നു എന്നെ വാങ്ങിച്ച് ഒരു മനോഹരമായ പൊതിയിൽ പൊതിഞ്ഞു. കുറച്ചു ദിവസങ്ങൾക്കുശേഷം ആരോ പൊതിയഴിച്ചു. അപ്പോൾ ഞാൻ കണ്ടത് ഒരു ചെറിയ *10* വയസ്സ് പ്രായം തോന്നിക്കുന്ന ആൺകുട്ടിയാണ്. എന്നെ കണ്ട് അവന്റെ മുഖത്ത് സന്തോഷം നിറഞ്ഞു. കുറച്ചുകഴിയുമ്പോൾ അവനെന്നെ

താലോലിക്കാൻ തുടങ്ങി. എന്നെ ഷെൽഫിൽ ഭദ്രമായി വച്ചു. പെട്ടെന്ന് ഷെൽഫ് പറഞ്ഞു. അവന്റെ പേര് ഉണ്ണി എന്നാണ് അവൻ കാരണമാണ് ഞാനും ഇവിടെ എത്തിയത് വീണ്ടും തന്റെ കഥ ആരംഭിച്ചു. പിറ്റേന്ന് വൈകുന്നേരം അവൻ സ്കൂളിൽ നിന്ന് തിരിച്ചു വന്നപ്പോൾ തന്നെ എന്നെ എടുത്തു കൊണ്ടുപോയി. മറ്റു പുസ്തകങ്ങൾ എന്നെ അസൂയയോടെ നോക്കുന്നത് ഞാൻ കണ്ടു. അവൻ എന്നെ വായിക്കാൻ തുടങ്ങി പെട്ടെന്നൊരു ശബ്ദം കേട്ടു. ഉണ്ണി ഇവിടെ വാ അവന്റെ അമ്മയായിരുന്നു. വായനയിൽ മുഴുകിയിരുന്നതിനാൽ ഉണ്ണി കേട്ടില്ല. അമ്മ ഒന്നുകൂടി വിളിച്ചു അതും അവൻ കേട്ടില്ല. അമ്മ അരിശത്തോടെ അവന്റെ അടുത്തേക്ക് വന്നു. എത്ര നേരമായി നിന്നെ വിളിക്കുന്നു. നിന്റെ ചെവിക്ക് എന്തുപറ്റി? അമ്മ ഉയർന്ന ശബ്ദത്തിൽ പറഞ്ഞപ്പോൾ അവൻ പേടിച്ചു പോയി. അവൻ എന്നെ അവിടെത്തന്നെ വച്ചിട്ട് അമ്മയുടെ

കൂടെ പോയി എനിക്ക് ഏകാന്തത അനുഭവപ്പെട്ടു. ഉണ്ണി ഓടിവന്ന് എന്നെ ഷെൽഫിൽ വച്ചു. പിന്നെ കുറേ സമയം ഇരുന്നപ്പോൾ അവൻ എവിടെയോപോയി. പെട്ടെന്ന് ആരോ വന്നത് കണ്ടു. അവൻ തിരിഞ്ഞു നോക്കി. അപ്പോ ഉണ്ണി വന്ന് എല്ലാ പുസ്തകത്തെയും എടുത്ത ഒരു പെട്ടിയിൽ ഇട്ടു വെച്ചു. പുസ്തകം പകച്ചു പോയി അവർ തന്നെ കത്തിച്ചു കളയും എന്ന ഭയം അവനുണ്ടായിരുന്നു കുറേ സമയം കഴിഞ്ഞിട്ടും ആരും വന്നില്ല അവന് ആശ്വാസമായി. അവൻ പെട്ടിയിൽ ഉള്ള ചെറിയ വിടവിലൂടെ പുറത്തേക്ക് നോക്കി. അപ്പോൾ കണ്ട കാഴ്ച പുസ്തകത്തെ അത്യധികം വേദനിപ്പിച്ചു. തന്റെ ചങ്ങാതിയായ ഷെൽഫിനെ പുറത്തേക്ക് കൊണ്ടുപോയി. പെട്ടെന്ന് അവൻ ഇരിക്കുന്ന പെട്ടിയും പുറത്തേക്ക് കൊണ്ടുപോയി. വലിയൊരു ശബ്ദം കേട്ടു നോക്കിയപ്പോൾ ഷെൽഫിനെ ചെറുകഷണങ്ങളാക്കി വണ്ടിയിൽ കയറ്റി കൊണ്ടുപോയി. പുസ്തകങ്ങളെ ഒരു ചാക്കിൽ

ഇട്ടു. എന്നിട്ട് ആർക്കോ കൊടുത്തു. ചാക്ക് തുറന്നപ്പോൾ അപരിചിതമായ ഒരു സ്ഥലം. തന്റെ സുഹൃത്തുക്കളെ ഓരോന്നായി കീറുന്നു. രൂപം മാറുന്നു. അവൻ പകച്ചുനിന്നു. ഒരു നിമിഷം കൊണ്ട് അവനും ഇല്ലാതായി കത്തിയെരിഞ്ഞുതീർന്നു. അവന്റെ തേങ്ങൽ ആരും കേട്ടില്ല.



ലേഖനം

## കേരളത്തിന്റെ പ്രകൃതി രമണീയത



ഇന്ത്യയിൽ പ്രകൃതി രമണീയതയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അരുണിമയാർന്ന കുന്നുകളും കളകളമൊഴുകുന്ന അരുവികളും ഇളംതെന്നലിൽ ആടുന്ന ഇലകളുടെ മർമ്മരവും കിളികളുടെ സംഗീതവും കൊണ്ട് മുഖരിതമാക്കപ്പെട്ട ഗ്രാമങ്ങളും നമ്മുടെ നാടിനെ പ്രകൃതിരമണിയമാക്കുന്നു. പച്ചപിടിച്ച വയലുകളും ഇടതൂർന്നുനിൽക്കുന്ന കേരവൃക്ഷങ്ങളും നമ്മുടെ നാടിന്റെ മുഖഛായയ്ക്ക് ഒരു മുതൽ കൂട്ടാണ്. പൊൻമുടി , കോവളം, വയനാട്, തേക്കടി, സൈലന്റ് വാലി എന്നീ പ്രദേശങ്ങൾ എടുത്തുപറയത്തക്ക പ്രകൃതി രമണീയത ഉള്ളവയാണ്

ലേഖനം

## കേരള സമൂഹവും ധൂർത്തും

കേരളീയ സമൂഹം ധൂർത്ത് എന്ന വിപത്തിനെ കീഴടക്കിയിരിക്കുന്നു .ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെ പണം മുടക്കിയുളള ആഘോഷങ്ങൾ മാത്രം. കൂടാതെ മററുളളവർക്ക് മുന്നിൽ പ്രശംസ ഏററു വാങ്ങാനായി നാം ഓരോരുത്തരും ആർഭാടത്തോടെ ജീവിക്കുന്നു. വിവാഹം പോലും വളരെ ആർഭാടത്തോടെയും ഉൽസാഹത്തോടെയും നടത്തുന്നു. ഇത്തരത്തിൽ ജീവിതത്തിലെ ഓരോ നിമിഷവും നാം ധൂർത്തടിച്ചു കളയുകയാണ് .ആർഭാടമൊരു ഉൻമാദമായി പടരുന്നു. കളളത്തരങ്ങളും കൊലപാതകവും ചെയ്യാൻ മനുഷ്യനെ പ്രേരിതനാക്കുന്നു .ആർഭാടം മനുഷ്യനെ നല്ല വ്യക്തിയാക്കുന്നില്ല. മറിച്ച് ,മററുളളവരേക്കാളും കൂടുതൽ നേടണണമെന്ന ചിന്തയാണ് അവരിൽ ഉടലെടുക്കുന്നത് .മററുളളവരെ പോലെ ആവണമെന്ന് നാം ഒരിക്കലും ചിന്തിക്കരുത് .

**കഥ**

## ചെരുപ്പുകുത്തിയും കുട്ടിയും

ഒരിടത്ത് ഒരു ചെരുപ്പുകുത്തി ഉണ്ടായിരുന്നു . എല്ലാ ദിവസവും അയാൾ നാടുകൾ തോറും അലഞ്ഞു നടന്ന് ചെരുപ്പുകുത്തികൊടുക്കും . അയാൾ കഠിനാധ്വാനിയാണ്. അയാൾക്കൊരു വീടില്ല . ചെല്ലുന്നിടത്ത് കൂടാരം കെട്ടി താമസിക്കും ഒരുനാൾ അയാൾ പട്ടണത്തിലെത്തി. അവിടെയുള്ള പരിഷ്കാരികളായ ആൾക്കാർക്ക് അയാളെ അത്രപിടിച്ചില്ല. അയാൾ അവിടെ വിശന്ന് അലയാൻ തുടങ്ങി. അതുകണ്ട ഒരു കുട്ടിക്ക് അയാളോട് സഹതാപം തോന്നി . ആ കുട്ടി അയാൾക്ക് ഭക്ഷണം കൊടുത്തു . പിന്നെ അവർ വലിയ കൂട്ടായി. പക്ഷെ ഇതു പരിഷ്കാരികളായ കുട്ടിയുടെ മാതാപിതാക്കൾക്ക് ഇഷ്ട്പ്പെട്ടില്ല . കുട്ടിയെ എപ്പോഴും വഴക്കു പറയുകയും ഉപദേശിക്കുകയും ചെയ്യുമെങ്കിലും കുട്ടി അയാളുമായുള്ള സൗഹൃദം

തുടർന്നുകൊണ്ടിരുന്നു. ഇതിനു തടയിടാൻ ആ മാതാപിതാക്കൾ നിരന്തരം പരിശ്രമിച്ചു കൊണ്ടേയിരുന്നു.

ഒരു ദിവസം അവരുടെ വീട്ടിലെ പണം അവർ തന്നെ മാറ്റിവച്ച് ആ ചെരുപ്പുകുത്തിയെ കുടുക്കണമെന്ന് മാതാപിതാക്കൾ പരസ്പരം പറയുന്നത് ആ കുട്ടികേട്ടു. ആ കുട്ടി ഈ കാര്യം ആ ചെരുപ്പുകുത്തിയോട് ചെന്നു പറഞ്ഞു. ഇത് കേട്ട അയാൾക്ക് സങ്കടം തോന്നി. ആ കുട്ടി മാതാപിതാക്കളോട് ദേഷ്യപ്പെട്ടു . തെറ്റ് മനസിലായ അവർ ആ എളിയവനോട് ക്ഷമ ചോദിക്കാൻ പോയി .പക്ഷെ ആ മനുഷ്യൻ അവിടെ നിന്ന് പോയിരുന്നു. അയാൾ ഇപ്പോഴും നാട് ചുറ്റി നടക്കുകയാണ്.

ലേഖനം

## ആർഭാടം

ഇന്ന് കേരളത്തിൽ ആർഭാടവും ധൂർത്തും വർദ്ധിച്ച് വരുന്നു. ഓരോ മതത്തിനും ഓരോ തരത്തിലുള്ള ആഘോഷങ്ങളും ഉത്സവങ്ങളുമാണ്. ഇതിന്റെയെല്ലാം അടിസ്ഥാനമാണ് പണം .പണമില്ലെങ്കിൽ ഇന്നൊന്നുമില്ല .മനുഷ്യ മാനത്തിന്റെ താക്കോലാണ് പണം. സമ്പത്ത് നോക്കിയാണ് ഇന്ന് ഓരോ മനുഷ്യനേയും വിലയിരുത്തുന്നത്. മനുഷ്യൻ പണമില്ലാത്തവനും പണമുള്ളവനും അവരുടെ മനസ്സില് ഓരോ സ്ഥാനം നൽകിയിട്ടുണ്ട് താഴ്ന്നവനെന്നും ഉയർന്നവനെന്നും. ഇതൊക്കെ മനുഷ്യർ തന്നെ സൃഷ്ടിക്കുന്ന അഹമ്പാവമാണ്. പണമുള്ളവൻ പണം അനാവശ്യമായി ചെലവഴിക്കുമ്പോൾ ഒരു നിമിഷം നാം നമുക്കിടയിലുള്ള താഴ്ന്നവരെ കുറിച്ചോർക്കുക.

## STORY

# THE BLIND MEN

Once there were six men in a village. They were very blind. One day they decided to go to a fair. There they heard people shouting,"Look, an elephant is coming. Let us take a ride on it."

When the elephant came near, the friends also became anxious to know what an elephant looks like. One by one they touched the elephant. The first blind man moves his hands around its big stomach. He said "An elephant is like a wall." The second man touched it's tusk and said "An elephant is smooth and pointed at the tip. It is like a spear."

The third blind man moved his hands around the legs of the elephant. He said,"You people are talking none sense. An elephant is like a pillar."

The fourth man was standing near the trunk of the elephant. He touched it. He could feel it moving. He said,"An elephant is like a big snake."

The fifth blind man was near the tail. He said,"What are you all saying? I know an elephant is like a rope."

The last man touched its ear and said,"You are all wrong. An elephant is like a big fan."

But the six men don't realize that they are all wrong.

*********************************************************************

**POEM**

# Way of flowing river.

*The beautiful flowing river*
*The fastest flowing river*
*the gods own touches.*
*It flowes like a blood in*
*our veins if there is river the people will die.*

*The way of flowing river is*
*small but the flowing water is*
*more.Let it flow, let it flow*
*How much it will flow.But*
*at onece there will see a end.*

*It will flow through the hills.*
*If it is morning or it is night*
*it will not stop it will flow and*
*flow. It will be a beautiful seen*

*when it flow through wards the hills.*
*We will feel a cold, wind and*
*a fresh feeling to us.The way*
*of the flowing river is full of*
*mud and stone. When it is winter season*
*it will be cold when it is summer season*
*it will be hot, I love the way of river.*

*In the river there are many wonderful fishes*
*and plant.If there is no river there*
*will no  have plants and fishes.I will pray for god to a way of*

flowing of river or river must have at long.

STORY

# THE RAINY NIGHT

*It was a windy night. The leaves were dancing in the wind. The waves were howing . At the end of the street ,a girl was sitting. She was crying. Yet she wear a black dress. She was wet. Yet she cried. The bell for 10 °° clock rang. A man was going to his home after his job. Little girls cry. He want and asked her a, Hey girl. Why are you crying? She didnt replied. Then the man went to his home*

*The next day, sun rise very brightly. The birds were chirping, the leaves were rustling. The man was ready to go for work when he reached the end of the street, he saw the girl, it reminds him something. He saw that face somewhere. But cant*

*recognise it. He wanted to his job. When he was going to his home to after job, he saw the girl once again. Then he asked "are you last". She replayed " yes I am lost. " He asked her that are you coming to my home. Her half mind is ready to go but the other halfis not ready. She shucked her head. Then they both went to house. He gave her something to eat. The man bought a dress for the girl and gave it to her. She bathed and more new dress. Then the man said to his mind that he had seen this girl before but he said who is it, he asked her what is your name? "luncy" she said. Where are your from? He said, He asked many question she answered all of it. The man knows the girl. He was a relative of that girl 'i am your relative" he said. He asked her tc say that how did your dad and mom died.*

*She started "my mom and dad went to beach one day I said that we can go to home after the sun set. They agreed I saw the best sun set ever. The breeze touched my heart. It was the best day ever. We were trevelling in car to home. When we left the beach there was the rain. But when we reached half way, the rain became stringer. My father was driving the car. Suddenly another came and there happened an accident. I lost the memory from there it self someone took me to the hospital ,*

They also took my parents to the hospital. When I had my memory . I was in a roadside. Then I realised that I lost my parents. I searched my parents everywhere, no gight of them. I cried in front of many people but they didn't looked me. I felt the real poverty. I was poor but..... no one realized it". Then she stopped her words. And started to cry. The man also cried. He don't know

what to say. Then he said in a quiet voice I am your dad Lucy. They both cried: Then she asked for her mom .Then her dad went to the kitchen. Then came near to her and said here come' s your mom. She stood up. When she saw her mom . She ran and hugged her, where were you both? I searched everywhere, Lucy said. They cried because they are happy.

They realized the real happiness. They know the true happiness and true love. The little girl was not orphan anymore .

*Moral: The one who feel sad and poor will be happy one day.*

**POEM**

# Little star

*I am the little star*
*I am the twinkling star*
*I am the shinning star*
*which give you light at night.*



*I am the star which is far*
*I am the star which you*
*Think lam the planet .*





*At night I come and at morning.*
*I hide back of the    sky*
*You are my friend you are my*
*Family I will pray for you to be*
*A good person*



# ചിത്ര ജാലകം

















ലിറ്റിൽ കൈറ്റ് ഐ.ടി. ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് ഞങ്ങളോടൊപ്പം സഹകരിച്ച എല്ലാവരെയും ഞങ്ങൾ സ്മരിക്കുന്നു



# നന്ദി